# SSLC PRE-MODEL EXAMINATION-2018

## Social Science

**Mark : 80**

**Time : 2 1/2 hr**

## PART-A

1. രാഷ്ട്രീയ വിഷയങ്ങൾ ചർച്ച ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ കൃതി ഏതാണ്? (1)
2. 1920 ൽ എൻ. എം. ജോഷി, ലാലാ ലജ്പത് റായ് എന്നിവർ മുൻകൈഎടുത്ത് രൂപീകരിച്ച തൊഴിലാളി പ്രസ്ഥാനം ഏതാണ്? (1)
3. ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി സ്ഥിതി ചെയ്യുന്നത് എവിടെയാണ് ? (1)
4. സമൂഹ ശാസ്ത്രത്തിലെ ഒരു പഠന രീതിയാണ് അഭിമുഖം. അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേ കാര്യങ്ങൾ എന്തെല്ലാം? (3)
5. കരിമ്പ്, റബ്ബർ എന്നീ വിളകളുടെ വളർച്ചക്കാവശ്യമായ ഭൂമി ശാസ്ത ഘകങ്ങൾ എന്താക്കെയാണ്? (താപനില, വാർഷിക വർഷപാതം, മണ്ണിനം) (3)
6. രാഷ്ട്രത്തിന്റെ നിർബന്ധിതവും വിവേചനപരവുമായ ചുമതലകൾ എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുക? (3)
7. ഗാന്ധിയൻ സമര രീതികളിൽ നിന്നും ആശയങ്ങളിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുായിരുന്ന പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയ സമരത്തിൽ നിർണായക പങ്കു വഹിച്ചിരുന്നു. ഈ പ്രസ്താവന വിലയിരുത്തുക? (4)
8. എന്താണ് ഇലക്ട്രോണിക് ബാങ്കിങ്? ഇത് ഇടപാടുകാർക്ക് സഹായകരമാകുന്നത് എങ്ങിനെ? (4)
9. A കോളത്തിന് അനുയോജ്യമായവ B, C കോളങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത് എഴുതുക? (4)

| A | B | C |
|---|---|---|
| വൈക്കം സത്യാഗ്രഹം | ബാരിസ്റ്റർ .ജി.പി.പിള്ള | 1931 |
| ഗുരുവായൂർ സത്യാഗ്രഹം | ഡോ.പൽപ്പു | 1891 |
| മലയാളി മെമ്മോറിയൽ | ടി.കെ.മാധവൻ | 1896 |
| ഈഴവ മെമ്മോറിയൽ | കെ.കേളപ്പൻ | 1924 |

10. ഹിമാലയൻ നദികളുടെയും ഉപദ്വീപിയാ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക തയ്യാറാക്കുക? (4)
11. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള ചില സംവിധാനങ്ങൾ ചുവടെ നൽകുന്നു.അവ നൽകുന്ന സേവനങ്ങൾ എഴുതുക? (4)
    a). ലീഗൽ മെട്രോളജി വകുപ്പ്
    b). ഭക്ഷ്യ സുരക്ഷാ വകുപ്പ്
    c). കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മറ്റി

d).ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ

12. ബ്രിട്ടീഷുകാർ ബംഗാൾ, ഒറീസ, ബീഹാർ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം? (4)
13. താഴെ നൽകിയ വിവരങ്ങൾ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക? (4)

a).മൈക്കലാ നിരകളിൽ നിന്ന് ഉൽഭവിച്ച് കിഴക്കോട്ട് ഒഴുകുന്ന നദി.

b).വിന്ധ്യാനിരകൾ

c).ഛോട്ടാ നാഗ്പൂർ പീഠഭൂമി.

d). ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള തുറമുഖം.

## PART-B

14. ബ്രിട്ടീഷുകാർ അമേരിക്കൻ കോളനികളിൽ നടപ്പാക്കിയ മെർക്കന്റലിസ്ദ നിയമങ്ങളിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം? (3)

അല്ലെങ്കിൽ

ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാം?

15. a).ജൂൺ 21, ഡിസംബർ 22 എന്നീ ദിവസങ്ങളിൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം എവിടെയായിരിക്കും? (3)

b).ഈ ദിനങ്ങൾ ഏത് പേരിലാണ് അറിയപ്പെടുന്നത്?

c).സൂര്യന്റെ ഉത്തരായന കാലത്ത് ഇരു അർധ ഗോളങ്ങളിലും ഏതു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്.

അല്ലെങ്കിൽ

അന്തരീക്ഷ മർദ്ദത്തെ സ്വാധീനിക്കുന്ന ഘടകമാണ് താപം. താപവും അന്തരീക്ഷ മർദ്ദവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക?

16. എന്താണ് പൊതുഭരണം? പൊതു ഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക? (4)

അല്ലെങ്കിൽ

പൗര ബോധം വളർത്തുന്നതിൽ വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് വിശദമാക്കുക?

17. മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊള്ള പ്രയോജനങ്ങൾ എന്തെല്ലാം? (3)

അല്ലെങ്കിൽ

പ്രത്യക്ഷ നികുതിയുടെയും പരോക്ഷ നികുതിയുടെയും സവിശേഷതകൾ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുക. ഉദാഹരണവും നൽകുക?

18. ആഗോള വൽകരണം വികസ്വര രാഷ്ട്രങ്ങളെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിച്ചു എന്ന് വ്യക്തമാക്കുക? (3)

അല്ലെങ്കിൽ

ഒക്ടോബർ വിപ്ലവാന്തരം ലെനിൻ അധ്യക്ഷനായ കാബിനറ്റ് റഷ്യയിൽ കൈ

കൊ വിപ്ലവകരമായ നടപടികൾ എന്തെല്ലാം?

19. എന്താണ് കോറൂർ രേഖകൾ? കോറൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? (4)

അല്ലെങ്കിൽ

ആകാശീയ വിദൂര സംവേദനത്തിന്റെ പ്രധാന പോരായ്മകൾ എന്തൊക്കെയാണ്?

20. സേവനാവകാശ നിയമം സാധാരണക്കാർക്ക് ഗുണകരമാകുന്നത് എങ്ങനെ?(4)

അല്ലെങ്കിൽ

പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ നിർദേ

ശിക്കുന്നു?

21. സർക്കാറിന്റെ നികുതിയേതര വരുമാന സ്രോതസുകളെ കുറിച്ച് വിവരിക്കുക?(4)

അല്ലെങ്കിൽ

വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നതെങ്ങനെയെന്ന് വിശദീ

കരിക്കുക?

22. ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മോചനം നേടാനും ഇന്ത്യയിൽ ഐക്യം നിലനിർത്താനും സാമൂഹിക പരിഷ്കർത്താക്കളും ദേശീയ നേതാക്കളും വിദ്യാഭ്യാസത്തെ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തി എന്ന് വിശദീകരിക്കുക? (6)

അല്ലെങ്കിൽ

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം, ഭാഷാ സംസ്ഥാന രൂപീകര

ണം എന്നിവക്കായി കൈകൊ നടപടികൾ വിശദീകരിക്കുക?

23. സമയ നിർണയവുമായി ബന്ധപ്പെട്ട് താഴെ നൽകിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

a). സമയ നിർണയത്തിൽ ഗ്രീനിച്ച് രേഖ, അന്താരാഷ്ട്ര ദിനാങ്ക രേഖ എന്നിവയുടെ പ്രാധാന്യം എന്താണ്?

b). ഇന്ത്യയുടെ മാനക രേഖാംശം എത്ര ഡിഗ്രിയാണ്.

c). ഇന്ത്യയും ഗ്രീനിച്ചും തമ്മിലുള്ള സമയ വ്യത്യാസം എത്ര മണിക്കൂർ ആണ്?

അല്ലെങ്കിൽ

സ്ഥിരവാതങ്ങളായ വാണിജ്യ വാതങ്ങൾ, പശ്ചിമ വാതങ്ങൾ എന്നിവയെ കുറിച്ച് വിവരണം നൽകുക?